## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6505** **01.11.2011ൽ മറുപടിക്ക്**

# ജില്ലാ ആശുപത്രികൾതോറും ഡയാലിസിസ് മെഷീനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പാലോട് രവി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) 2011-12-ലെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രിക പ്രകാരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കൊല്ലം, ഇടുക്കി, കണ്ണൂർ, പാലക്കാട് ജില്ലാ ആശുപത്രികളിലും പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മഞ്ചേരി, കാസറഗോഡ് ജനറൽ ആശുപത്രി കളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു |
| ബി) സന്നദ്ധ സംഘടനകൾ മെഷീനുകൾ സൗജന്യമായി വാഗ്ദാനം ചെയ്യുമെങ്കിൽ അത് സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; | ബി) പരിഗണിക്കുന്നതാണ്. |
| സി) ആരെല്ലാം അപ്രകാരം വാഗ്ദാനം ചെയ്തിട്ടുണ്ട് ; | സി) 14 ജില്ലാ ആശുപത്രികളിലും ഡയാലിസിസ് മെഷീനുകൾ നൽകാമെന്ന് ഡോ.കെ.പി.ഹുസൈൻ ചാരിറ്റബിൾ ട്രസ്റ്റും, എറണാകുളം ജനറൽ ആശുപത്രിയിൽ 4 ഡയാലിസിസ് മെഷീനുകൾ സൗജന്യമായി നൽകാമെന്ന് സത്യസായി ട്രസ്റ്റും വാഗ്ദാനം ചെയ്തിട്ടുണ്ട്. |
| ഡി) ഇതിനായി ധാരണാപത്രം കൈമാറിയിട്ടുണ്ടോ ; | ഡി) ഡോ.കെ.പി.ഹുസൈൻ ചാരിറ്റബിൾ ട്രസ്റ്റ് സൗജന്യമായി ഡയാലിസിസ് മെഷീനുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |
| ഇ) ഇത്തരം ശ്രമങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ വേണ്ട നടപടികൾ എടുക്കുമോ ? | ഇ) ഇത്തരം ശ്രമങ്ങൾ സ്വാഗതാർഹമാണ്. |

സെക്ഷൻ ഓഫീസർ